# മലയാളികൾ നരഭോജികളേക്കാൾ ക്രൂരന്മാരോ?

## തോമസ് ഫിലിപ്പ് പാറക്കമണ്ണിൽ റാന്നി

**കേ**രളത്തിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്ന അരുംകൊലകൾ കേട്ടുകൊണ്ടാണ് ഞാൻ തലക്കെട്ടിലെ ഈ ചോദ്യം അമേരിക്കൻ മലയാളി വായനക്കാരുടെ മുമ്പിൽ ഉന്നയിക്കുന്നത്. അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്ന അധികം മലയാളികളും മാനുഷികമൂല്യങ്ങളെ ആദരിക്കുന്നവരല്ല എന്നുള്ളതാണ് സത്യം. അറിയാനും പഠിക്കുവാനുമായിട്ട് ഇനിയും ഒന്നുമില്ലെന്ന് ശഠിക്കുന്നവരുമാകുന്നവർ. ഒരു സർവ്വകലാശാല ഡിഗ്രിയോ ഏതെങ്കിലും ഒരു വിഷയത്തിലുള്ള ഒരു ഡോക്ടറേറ്റോ കരസ്ഥമാക്കിയാൽ സർവ്വജ്ഞപീഠം കയറിയ ഭാവവുമാണ് മലയാളിക്ക്! ആരെങ്കിലും ഒന്ന് ഊതിക്കൊടുത്താൽ അപ്പൂപ്പാൻതാടി പോലെ വളരെ മേലോട്ട് പോകയും ചെയ്യും! മലയാളി ഉയരങ്ങൾ കീഴടക്കുന്നത് എനിക്ക് സന്തോഷകരവുമാകുന്നു. അതുകൊണ്ട് അതവിടെ നിൽക്കട്ടെ തത്ക്കാലം.

കാലാവസ്ഥ കൊണ്ടും ഭൂപ്രകൃതി കൊണ്ടും എക്കാലവും സന്തുഷ്ടപൂർണ്ണമായ ജീവിതം നയിക്കുവാൻ സഹായിക്കുന്ന അതിമനോഹരമായ ഒരു നാടാണ് കേരളം! അതിന്റെ വില അവിടെ ജീവിക്കുന്ന മലയാളികൾക്ക് അറിഞ്ഞുകൂടാ എന്നുള്ളതാണ് സത്യം. അങ്ങനെയുളഅള ആ നല്ല നാടിന്റെ പേര് എന്റെ നാട് ന്ന് അഭിമാനത്തോട് എടുത്തു പറയുവാൻ വിദേശമലയാളികൾ ഇന്ന് ലജ്ജിക്കുന്നു എന്ന് പറഞ്ഞാൽ അഥിൽ ലേശവും അതിശയോക്തി ഇല്ല. രാഷ്ട്രീയമായും സാംസ്ക്കാരികമായും ധാർമ്മികമായും ആത്മീയമായിട്ടുപോലും അത്രയ്ക്ക് അധഃപതിച്ചു പോയിരിക്കുന്നു. 'ദൈവത്തിന്റെ നാട്' എന്നൊരു അപരനാമത്തിലും അറിയപ്പെട്ടുകൊണ്ടിരുന്ന കേരളം ഇന്ന് എന്നുള്ളതാണ് സത്യം.

ആരും നാഥനില്ലാത്ത, ചോദിക്കാൻ പോലും ആരുമില്ലാത്ത, സത്യനീതി നിയമങ്ങൾക്കോ മനുഷ്യജീവനു പോലും യാതൊരു വിലയും സുരക്ഷിതത്വവുമില്ലാത്ത നാട്! കേരളത്തിൽ ആർക്കും സുരക്ഷിതത്വമില്ലെന്ന് പറയുവാൻ പറ്റുകയില്ല. മന്ത്രിമാർക്കും രാഷ്ട്രീയ നേത്ക്കന്മാർക്കും, പോലീസുകാർക്കും, ക്വൊട്ടേഷൻ സംഘങ്ങൾക്കും, മുതലാളിമാർക്കും, മതസങ്ങാനേതാക്കന്മാർക്കുമൊക്കെ കേരളത്തിൽ സുരക്ഷിതത്വമുണ്ട്.

സാധാരണക്കാരായ ജനങ്ങളുടെ ജീവന് സംരക്ഷണം നൽകേണ്ട കേരളത്തിലെ പോലീസ് പോലും അവരുടെ കൊലയാളികളായി തീർന്നുകൊണ്ടിരിക്കുന്നിന്ന്. നിഷ്കളങ്കരും നിരപരാധികളുമായ എത്ര ചെറുപ്പക്കാരെയാണ് അവർ ഈ അടുത്ത കാലത്തും മർദ്ദിച്ചും ഇടിച്ചും തല്ലിയും തല്ലിപ്പിച്ചും കൊല ചെയ്തുകൊണ്ടിരിക്കുന്നത്? മലയാളി സാഹിത്യകാരനും സാംസ്ക്കാരിക നായകനും സൂപ്പർ സിനിമാതാരത്തിനും ആത്മീയ നേതാവിനു പോലും ഇതിലൊന്നും മനഃക്ലേശമില്ല! ആത്മരോഷമില്ല! അഹങ്കാരവും ഉന്നതഭാവവും സ്വാർത്ഥതയും തന്നെയല്ലേ മലയാളിയുടെ മുഖമുദ്ര? അവർ പിന്നെങ്ങനെ അന്യായത്തിനും അധർമ്മത്തിനുമെതിരായി പ്രതികരിക്കും? അഥവാ എന്തിന് പ്രതികരിക്കണം? എന്നാൽ ഒന്നുണ്ട് സത്യം: അഹങ്കാരത്തിന്റെയും അധികാരത്തിന്റെയും കാക്കിക്കോട്ടയിൽ നിന്നും ഒരുനാൾ പുറത്തിറങ്ങി ജനങ്ങളുടെ ഇടയിൽ ജീവിക്കേണ്ടവരാണ് തങ്ങളെന്ന ചിന്ത നമ്മുടെ പോലീസ് ഏമാന്മാർക്ക് ഉണ്ടാകേണ്ട കാലം വളരെ അതിക്രമിച്ചുപോയി

രിക്കുന്നു! ചരിത്രത്തിലെ വീരശൂരപരാക്രമികളെല്ലാം തന്നെ തങ്ങളുടെ കാൽ ഇടറിവീണ് തകർന്നന്ന പോയിരിക്കുന്നു എന്നുള്ള സത്യം അഹങ്കരിച്ച് ജീവിക്കുന്നവർ അറിയണം. ഒരു വൈറസ് പനി, ഒരു ഹൃദയരോഗം അഥവാ ഓർക്കാപ്പുറത്തൊരു കാറപകടം! കഴിഞ്ഞു എല്ലാ വൈഭവങ്ങളും ജീവിതപ്രതാപങ്ങളും! ഇല്ലേ? എന്റെ വീക്ഷണത്തിൽ, ആയുസ്സോടും ആരോഗ്യത്തോടും കൂടി ജീവിച്ചിരിക്കുവാൻ ഇടയാകുന്നത് മാത്രമാകുന്നു നമ്മുടെ മിടുക്ക്! അല്ലാതെന്തുണ്ട് കയ്യിൽ ഭൂമിയിൽ മനുഷ്യന് നിഗളിക്കുവാൻ?

പ്രതിപാദ്യവിഷയത്തിലേക്ക് മടങ്ങാം. മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന വിധത്തിൽ കേരളത്തിൽ ദിനന്തോറുമെന്നോണം പെരുകിക്കൊണ്ടിരിക്കുന്ന അരുംകൊലകൾ ലോകത്തോട് വിളിച്ചറിയിക്കുന്നതെന്താണ്? നരഭോജികളേക്കും ക്രൂരന്മാരായ കൊലയാളികൾ മലയാളികളായ തങ്ങൾ തന്നെയാകുന്നു എന്നുതന്നെയല്ലേ? ഇതിവിടെ ഉപസംഹരിക്കട്ടെ. മലയാളി ക്രൂരഹൃദയനാണ്. ഒരു കോഴിയേയോ പേപ്പട്ടിയേയോ കൊല്ലുന്ന ലാഘവത്തോടുകൂടി മലയാളി മലയാളിയെ കൊല്ലും. സ്വന്തം ഭാര്യയെയോ ഭർത്താവിനെയോ അച്ഛനേയോ അമ്മയെയോ മോനെയോ മോളെയോ മറ്റു സ്വന്തക്കാരെയോ ബന്ധുക്കാരെയോ പ്രതിയോഗിയെയോ പിഞ്ചുകുഞ്ഞുങ്ങളെപ്പോലും തോന്നുന്നവിധത്തിൽ കൊല്ലുവാൻ ബുദ്ധിമാനും ബുദ്ധിമതിയുമായ മലയാളിക്ക് കഴിയും. ചില ആഴ്ചകൾക്കു മുമ്പ് 4 വയസ്സുള്ള ഒരു കുഞ്ഞിനെ സ്വന്തം മാതാവ് ബക്കറ്റിലെ വെള്ളത്തിൽ മുക്കിപ്പിടിച്ച് കൊന്ന സംഭവം ഞാൻ ഒരു മലയാള മാധ്യമത്തിലൂടെ വായിക്കയുണ്ടായി. ഈ ദൃശയായ മാതാവ് മാതാവല്ല, മറിച്ച് മാതൃവേഷം അണിഞ്ഞ മറുതയാകുന്നു എന്ന് മഹാകവി ഉള്ളൂർ പാടിയിട്ടുണ്ട്. ലോകം മുഴുവൻ അമ്മമാരെ ആദരിച്ച കഴിഞ്ഞ മെയ് 14-ാം തീയതി കേരളത്തിലെ ഒരു പുന്നാരപ്പുത്രൻ തന്റെ മാതാവിനെ മദ്യലഹരിയിൽ കഴുത്തു ഞെരിച്ച് കൊന്ന ആരെയും ഞെട്ടിപ്പിക്കുന്ന വാർത്തയും മലയാള മാധ്യമത്തിൽ ഞാൻ വായിക്കുകയുണ്ടായി. കണക്കു പറഞ്ഞുള്ള രാഷ്ട്രീയ കൊലപാതകങ്ങളും കേരളത്തിൽ അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ശിശുക്കൾ മുതൽ വൃദ്ധകൾ വരെ അഭ്യസ്തവിദ്യരുടെ നാട്ടിൽ ബലാൽക്കാരം ചെയ്യപ്പെടുന്നു. മദ്യലഹരിയിൽ അപ്പൻ മോളെ പീഡിപ്പിക്കുന്നു. നാടുകാണാൻ വരുന്ന വിദേശ വനിതകളെ വരെ മലയാളി ബലാൽക്കാരം ചെയ്ത് കൊല്ലുന്നു. എഴുതിയാല് തീരാത്ത ചതികളുടെയും വഞ്ചനകളുടെയും നീചത്വങ്ങളുടെയും ദുഷ്പ്രവൃത്തികളുടെയും പരപീഡനങ്ങളുടെയും അവിഹിതബന്ധങ്ങളുടെയും കാപട്യങ്ങളുടെയും ഭണ്ഡാരപ്പുരയാണ് ഇന്നത്തെ അധികം മലയാളികളും. മാത്രവുമല്ല, സ്വന്തം തെറ്റ് ഒരിക്കലും സമ്മതിക്കുകയോ അതിൽ പശ്ചാത്തപിക്കുകയോ ചെയ്യാത്തവനുമാണ് മലയാളി! അവനാണ് ദൈവത്തിനുവേണ്ടിയും ഏറെ ഒച്ചപ്പാടുണ്ടാക്കുന്നതും തട്ടിപ്പുകൾ നടത്തുന്നതും.

സ്നേഹിച്ച യുവതിയെ അതേ ജാതിയിൽപ്പെട്ട ഒരു സാധുയുവാവ് സ്നേഹിച്ചു കല്യാണം കഴിച്ചെന്ന അപരാധത്തിന് ഭാര്യാവീട്ടുകാരെല്ലാം ചേർന്ന് അവനെ തട്ടിക്കൊണ്ടുപോയി പോലീസിന്റെ അറിവോടു കൂടി ക്രൂരമായി മർദ്ദിച്ചുകൊന്ന മലയാളികൾ നരഭോജികളേക്കാൾ നികൃഷ്ട ജീവികൾ തന്നെയല്ലേ?

മലയാളികളുടെ ഇടയിൽ എവിടെയും സ്വാർത്ഥതയും അഹങ്കാരവും അസഹിഷ്ണുതയും അസൂയയും ശത്രുതയും പോരാട്ടങ്ങളും തന്നെ. കേരളം മുഴുവനും ഇന്ന് പകയുടെയും വർഗ്ഗീയ

തയുടെയും ശത്രുതയാണ്. പള്ളികളിൽ പോലുംവെട്ടും കുത്തും അക്രമങ്ങളും ഭീഷണികളുമാണ്. ദൈവം എവിടെ? ദൈവസ്നേഹമെവിടെ? മലയാളികളെ ജീവിതതകർച്ചകളിൽ നിന്നും നാശത്തിൽ നിന്നും നന്മയിലേക്കും സമാധാനത്തിലേക്കും കൈയ്ക്കു പിടിച്ചുയർത്താൻ സഹായിക്കുന്ന ധാർമ്മികമോ ആത്മീയമോ ആയ ഒരനശ്വര മൂല്യത്തെയോ പ്രകാശത്തെയോ പ്രത്യാശയോ കണ്ടെത്തുവാൻ സമൂഹമായിട്ട് നമുക്കിനിയും കഴിയാതെ പോയിരിക്കുന്നു. മലയാളികൾ കൊലയാളികളാണ്. 80 വർഷങ്ങൾക്ക് മുമ്പ് ചങ്ങമ്പുഴ പ്രസ്താവിച്ച അതേ അവസ്ഥ തന്നെയാണ് ഇന്നും നമ്മുടേത്.

ഓമൽസ്സഹജൻ തന്നസ്ഥികൂടങ്ങളാൽ

പൂമണിമേടകൾ തീർത്തു സുഖിപ്പു നാം!

കൊന്നു തിന്നും വെറും കാട്ടുമൃഗങ്ങൾ നാം!

സുപ്രഭാതം വന്നുദിപ്പതെന്നാണിനി?

*************